**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5430 | 01.07.2019-ലെ മറുപടിയ്ക്ക്

## എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്റ്റേഡിയം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ദാസൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ഗ്രാമീണ സ്റ്റേഡിയം എന്ന പദ്ധതി കായിക വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ ഭാഗമായി 43 പഞ്ചായത്ത് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്കായുള്ള നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | ഉണ്ടെങ്കിൽ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം സ്റ്റേഡിയങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | നടുവണ്ണൂർ വോളീബോൾ അക്കാഡമി, പുല്ലൂരാംപാറ-തിരുവമ്പാടി സ്റ്റേഡിയം, മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയം, വടകര ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, ഫറൂഖ് ഗണപതി സ്കൂൾ എന്നിവയാണ് കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്ത് സ്റ്റേഡിയങ്ങൾ. |
| (സി) | പുതിയ ഗ്രാമീണ സ്റ്റേഡിയങ്ങൾക്കായി പ്ലാനും എസ്റ്റിമേറ്റും സഹിതം അപേക്ഷ സമർപ്പിച്ചാൽ കായിക വകുപ്പിൽ നിന്നും അംഗീകാരം ലഭ്യമാകുമോ എന്നറിയിക്കാമോ? | (സി) | മുൻ ബജറ്റുകളിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ പ്രവർത്തനപഥത്തിൽ വന്നതിനുശേഷമേ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ പരിഗണിക്കുവെന്ന് 2018-19 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**